Draft #1 of File 7384/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Feb-2020 07:20 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

CAT 2020 പരീക്ഷയ്ക്കായി തയ്യാറാക്കിയ പ്രോസ്പെക്ടസിൽ ചില പഠന വകുപ്പുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട മാനദണ്ഡത്തിൽ വ്യക്തത വരുത്തുന്നതുമായി ബന്ധപ്പെട്ട് ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ 11.02.2020, 02.30 പി.എം ന് ചേർന്ന ബന്ധപ്പെട്ട പഠന വകുപ്പ് മേധാവിമാരുടെ യോഗത്തിലെ തീരുമാനങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 958/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.02.2020

---

*പരാമർശം:*-CAT 2020 പരീക്ഷയ്ക്കായി തയ്യാറാക്കിയ പ്രോസ്പെക്ടസിൽ ചില പഠന വകുപ്പുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട മാനദണ്ഡത്തിൽ വ്യക്തത വരുത്തുന്നതിനായി ഇക്കാര്യം ചർച്ച ചെയ്യുവാനായി ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ 11.02.2020, 02.30 പി.എം ന് ചേർന്ന ബന്ധപ്പെട്ട പഠന വകുപ്പ് മേധാവിമാരുടെ യോഗം.

**<u>ഉത്തരവ്</u>**

മേൽ പരാമർശം (1) പ്രകാരം ചേർന്ന യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. നിലവിലുള്ള മാനദണ്ഡപ്രകാരം പഠന വകുപ്പുകളിൽ നടത്തുന്ന എഴുത്തുപരീക്ഷ / ഇൻറർവ്യൂ / ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയ്ക്ക് 20 മാർക്കാണ് അനുവദിച്ചിരിക്കുന്നത്. ഏതാനും പഠന വകുപ്പുകളിൽ എഴുത്തുപരീക്ഷ/ഇൻറർവ്യൂ/ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയ്ക്കായി 20 മാർക്കിൽ കൂടുതലായി നൽകേണ്ടതുള്ളതായി അറിയിച്ചു. പ്രസ്തുത സാഹചര്യമുള്ളപ്പോൾ ഈ മാർക്കിനെ 20 ലേയ്ക്ക് പരിവർത്തനം ചെയ്ത് രണ്ട് ദശാംശസ്ഥാനത്തിന് കണക്കാക്കി ഒബ്ജക്ടീവ് പരീക്ഷയുടെ മാർക്കിനൊപ്പം ചേർത്ത് റാങ്ക് ലിസ്റ്റ് തയാറാക്കേണ്ടതാണ്. ആകെ 20 മാർക്കിനുള്ള എഴുത്തുപരീക്ഷ/ഇൻറർവ്യൂ/ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയിൽ ഓരോന്നിനുമുള്ള മാർക്ക് വിഭജനം സംബന്ധിച്ച് അതാത് പഠന വകുപ്പിൽ നിന്ന് തീരുമാനിക്കുന്ന രീതിയിൽ അംഗീകരിച്ച് പ്രവേശനനടപടികൾ ക്രമീകരിക്കുവാനും തീരുമാനിച്ചു.

2. CAT പരീക്ഷയ്ക്കായുള്ള ചോദ്യബാങ്ക് സോഫ്റ്റ്‌വെയറിൽ മുൻ വർഷ ചോദ്യങ്ങൾ ഉൾപ്പെട്ട 1000 ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുവാൻ നിർദേശം നൽകിയിരുന്നു. ചോദ്യബാങ്ക് സോഫ്റ്റ്‌വെയറിൻറെ ഡേറ്റാബേസ് പരിശോധിച്ചതിൽ മേൽ പറഞ്ഞിരിക്കുന്ന എണ്ണം ചോദ്യങ്ങൾ ഉള്ളതായി കാണുന്നില്ല. അതിനാൽ 19.02.2020 മുതൽ 29.02.2020 വരെ ചോദ്യബാങ്ക് സോഫ്റ്റ്‌വെയറിൽ ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനായി പോർട്ടൽ തുറക്കുന്നതിനായി തീരുമാനിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. ഏപ്രിൽ 25 ,26 തീയതികളിലായി നടക്കുന്ന CAT 2020 പരീക്ഷാ ഫലം മെയ് 11 ന് പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു. മൂല്യനിർണയത്തിനും അനുബന്ധജോലികൾക്കുമായി താൽകാലിക അടിസ്ഥാനത്തിൽ അധിക ജീവനക്കാരെ നിയോഗിക്കുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) എല്ലാ പഠന വകുപ്പ് മേധാവിമാർക്കും
(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(3 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്
(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
(5 ) എ.ആർ 4 (അക്കാദമിക് ), യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക്
(6) എ.ആർ 21 പരീക്ഷ

Draft #1 of File 7384/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 17-Feb-2020 07:20 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം